MONDAY

08/12/2025

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : SINDHU. KS

Editor : Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/12/2025

1. കൃഷിവകുപ്പ് വിവിധ ഫാമുകൾ മുഖേന ക്രിസ്മസ് ട്രീകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. അരക്കേറിയ, തുജാ, ഗോൾഡൻ സൈപ്രസ് എന്നിങ്ങനെയുള്ള നിത്യഹരിത അലങ്കാര വൃക്ഷങ്ങളാണ് ആകർഷകമായ ചട്ടികളിൽ, അലങ്കരിക്കാൻ പാകമായി വളർത്തി, ക്രിസ്മ്സ് ട്രീകളായി കൃഷിവകുപ്പ് ഫാമുകളിലൂടെ വിൽപ്പന നടത്തുന്നത്. വിവിധ ജില്ലകളിലെ 25 ഫാമുകളിലായി രണ്ടായിരത്തോളം ക്രിസ്മസ് ട്രീ തൈകൾ എച്ച്.ഡി.പി.ഇ/മൺചട്ടി എന്നിവയിലാണ് വിതരണത്തിനായി തയ്യാറാക്കിയിരിക്കുന്നത്. ഗോൾഡൻ സൈപ്രസ് – മൂന്നടി ഉയരം – 300 രൂപയും, തുജ – രണ്ട് വർഷം പ്രായമായത് – 500 രൂപയും, അരക്കേറിയ – നാലടി ഉയരം – 400 രൂപ എന്നീ നിരക്കിലാണ് വില്പനയ്ക്ക് ലഭ്യമാക്കിയിരിക്കുന്നത്. **കണ്ണൂർ ജില്ലയിൽ** കോക്കനട്ട് നഴ്സറി, പാലയാട് ഫോൺ നമ്പർ 9383472049, സ്റ്റേറ്റ് സീഡ് ഫാം, കാങ്കോൽ ഫോൺ നമ്പർ 9383472046, ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം തളിപ്പറമ്പ ഫോൺ നമ്പർ 9383472042. **കാസർഗോഡ് ജില്ലയിൽ** കാഷ്യുപ്രോജനി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഓർച്ചാർഡ്, അളൂർ, ഗ്വാളിമുഖ 9383471972 എന്നീ ഫാമുകളിൽ ലഭ്യമാണ്.

2. വയനാട് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഫോർ ഫ്ലവേഴ്സ് ആൻഡ് വെജിറ്റബിൾസിൽ നിന്നും ക്യാബേജ്, കോളിഫ്ലവർ, ബ്രോക്കോളി, ബീൻസ്, പാലക് ചീര തൈകൾ, തണ്ണിമത്തൻ വിവിധയിനം സങ്കരയിനം പച്ചക്കറി തൈകൾ, ഹൈബ്രിഡ് പുഷ്പ വിള തൈകൾ, ദീർഘകാല പച്ചക്കറി വിളകളായ ഹൈബ്രിഡ് പപ്പായ, മുരിങ്ങ, കാന്താരി മുളക്, ചതുരപ്പയർ എന്നിവയുടെ തൈകൾ മുൻകൂർ ഓർഡർ ചെയ്യുന്ന പ്രകാരം തയ്യാറാക്കി നൽകുന്നതാണ്. ചെറിയ അളവിൽ RARS കൗണ്ടറിൽ നിന്ന് വാങ്ങാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9562304546.

3. റബ്ബറുത്പാദകസംഘങ്ങളുടെയും അവയുടെ കീഴിലുള്ള സ്വാശ്രയസംഘങ്ങളുടെയും രൂപീകരണം/ശാക്തീകരണം, റബ്ബറുത്പാദകസംഘങ്ങൾക്ക് സ്പ്രേയർ/ഡസ്റ്റർ വാങ്ങൽ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റബ്ബറുത്പാദകസംഘങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സമൂഹസംസ്കരണശാലകളുടെ നവീകരണം, നിലവിലുള്ള സമൂഹസംസ്കരണശാലകൾക്കായി പുതിയ പുകപ്പുരകളുടെ നിർമാണം എന്നിവയ്ക്ക് റബ്ബർബോർഡിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് ഓൺലൈൻ ആയി അപേക്ഷ സമർപിക്കാനുള്ള അവസാന തിയതി 2025 ഡിസംബർ 15-ലേക്ക് നീട്ടിയിരിക്കുന്നു. ഇനിയും അപേക്ഷ സമർപ്പിക്കാത്തവർ ഈ അവസരം പ്രയോജനപ്പെടുത്തി നിശ്ചിത തീയതിക്കകം അപേക്ഷകൾ സമർപിക്കാൻ താൽപര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുകളോ ഫീൽഡ് സ്റ്റേഷനുകളോ ആയി ബന്ധപ്പെടുകയോ റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ ചെയ്യുക.

## പരിശീലന പരിപാടി

4. കാർഷിക മേഖലയിൽ ഡ്രോൺ ഉപയോഗിച്ചുള്ള വളം, സൂക്ഷ്മമൂലക പ്രയോഗം എന്നിവ വ്യാപകമായി നടന്നുവരികയാണ്. അസാപ്പ് കേരള കാസർഗോഡ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ വച്ച്

നാം ഒന്ന് പരിമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടത്തുന്ന ഡിസംബർ മാസത്തെ ഡ്രോൺ പരിശീലനത്തിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. ഡിസംബർ മാസത്തിലെ ബാച്ചിൽ ഫീസിളവോടുകൂടി 5 ദിവസത്തെ സ്മാൾ കാറ്റഗറി ഡ്രോൺ പരിശീലനം നേടാം. 5 ദിവസത്തെ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ നൽകുന്ന 25കിലോഗ്രാം വരെ ഭാരമുള്ള ഡ്രോൺ ഉപയോഗിക്കാനുള്ള ലൈസൻസ് ലഭിക്കും. താല്പര്യമുള്ളവർ 9447326319 എന്ന നമ്പറിൽ ബന്ധപെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷന് സെന്ററിൽ **'തേനീച്ചവളർത്തൽ'** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ₹550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ പ്രവൃത്തി ദിവസങ്ങളിൽ 8547070773 എന്ന ഫോണ് നമ്പറിൽ ബന്ധപ്പെടാവുന്നതാണ് .

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## 6. കാർഷിക നിർദേശം

തെങ്ങിൻ തോപ്പുകളിൽ വരുമാനം കൂട്ടാനായി ഇടവിളകൾ നട്ടു പിടിപ്പിക്കാം. ജാതി/കൊക്കോ/ഇഞ്ചി/മഞ്ഞൾ/കച്ചോലംഎന്നിവ തെങ്ങിൻ തോപ്പുകളിൽ ശാസ്ത്രീയമായി കൃഷിചെയ്യാവുന്ന ഇടവിളകളാണ്. കൂടാതെ തെങ്ങിൽ നിന്നും നീര ഉദ്പാദനവും നാളീകേരത്തിൽ നിന്നുളളമൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതും വഴി തെങ്ങു കൃഷി ലാഭകരമാക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം